പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 103* 14.06.2012 ൽ മറുപടിക്ക്

## റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (എ) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ചാണ് പുറമ്പോക്കിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പോലീസ് വകുപ്പിനെയും ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. |
| (ബി) റോഡ് വികസനത്തിന് പൊന്നും വിലയ്ക്കെടുത്ത ഭൂമി യഥാസമയം ഉപയോഗപ്പെടുത്താത്തതിനാൽ വീണ്ടും കയ്യേറുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സമ്മേളനങ്ങളുടെയും, ആഘോഷങ്ങളുടെയും പേരിൽ റോഡ് പുറമ്പോക്കുകളിൽ വിവിധ സംഘടനകൾ പന്തലുകളും, ഷെഡ്ഡുകളും നിർമ്മിക്കുകയും ക്രമേണ സ്ഥിരം നിർമ്മാണങ്ങൾ നടത്തി കൈവശപ്പെടുത്തുകയും ചെയ്യുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ നടന്നിട്ടുള്ള കൈയ്യേറ്റങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി വിവരശേഖരണം നടത്തി അവ സമയബന്ധിതമായി ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി)സമയബന്ധിതമായി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിവരശേഖരണം നടത്തുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ